DESPATCHED On..27/9/22..



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 554(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 7908/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 സെപ്റ്റംബർ 23

| | |
|---|---|
| ശ്രീ. തേമ്പാമൂട് സഹദേവൻ,<br>കൺവീനർ, ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ ഫോറം,<br>വെഞ്ഞാറമൂട് പി.ഒ.,<br>തിരുവനന്തപുരം – 695 607. | അപ്പീൽ ഹർജിക്കാരൻ |
| 1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>പേഴ്സണൽ അസിസ്റ്റന്റ്,<br>ജില്ലാ വിദ്യാഭ്യാസ ആഫീസ്,<br>ആറ്റിങ്ങൽ, തിരുവനന്തപുരം.<br>2) അപ്പീൽ അധികാരി &<br>ജില്ലാ വിദ്യാഭ്യാസ ആഫീസർ,<br>ജില്ലാ വിദ്യാഭ്യാസ ആഫീസ്,<br>ആറ്റിങ്ങൽ, തിരുവനന്തപുരം. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 27/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/01/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 05/02/2022, 15/03/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 22/02/2022, 4/03/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 26/05/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 26/05/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04/06/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23/06/2022 |
| ഹിയറിംഗ് നടന്ന തീയതി | 22/09/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എതിർകക്ഷികൾ | ഹാജരായി |

## ഉത്തരവ്

ഡോ. തേമ്പാമൂട് സഹാദേവൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ വ്യക്തമായ മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും, ഒന്നാം എതിർകക്ഷി നൽകിയ വിവരങ്ങൾ ശരി വച്ചുകൊണ്ട് അപ്പീൽ അപേക്ഷ അപ്പീൽ അധികാരി തീർപ്പാക്കുകയും ചെയ്തു എന്നും ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം അപ്പീൽ അധികാരി ലഭ്യമാക്കാതെ ആക്ഷേപിക്കുന്ന

രീതിയിലും പകർപ്പിന് ഫീസ് ഒടുക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ടോ രണ്ടാം അപ്പീൽ അധികാരിയുടെ മേൽവിലാസമോ ലഭ്യമാക്കിയിട്ടില്ലെന്നും 30 ദിവസത്തിനകം തീർപ്പാക്കേണ്ട അപ്പീൽ 45 ദിവസം കഴിഞ്ഞാണ് തീർപ്പാക്കിയതെന്നും ആകയാൽ രണ്ടാം അപ്പീലായി പരിഗണിച്ച് തീർപ്പാക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 27.12.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ജനതാ ഹയർ സെക്കണ്ടറി സ്കൂൾ, തേമ്പാമൂട് 30.7.2018 തീയതിയിലെ 107/2018-19 നമ്പറിൽ രേഖപ്പെടുത്തിയിരിക്കുന്ന ടീച്ചർ-ഇൻ-ചാർജ് ആരാണെന്ന് വ്യക്തമാക്കണമെന്നും

ii. ഏതു മാഗസിനുകളിലും ആനുകാലികങ്ങളിലും പത്രങ്ങളിലുമാണ് രചനകൾ, ആനുകാലികങ്ങൾ നടത്തി വരുന്നതെന്നും
(എ) മാഗസിന്റെ പേര് (ബി) ആനുകാലികങ്ങളിൽ എഴുതിയവയിൽ മൂന്നെണ്ണത്തിന്റെ കോപ്പി ലഭ്യമാക്കണമെന്നും (സി) ഏതു പത്രത്തിലാണ്/മാസികയിലാണ് പ്രതിഫലം കൂടാതെ രചനകൾ നടത്തിയിട്ടുള്ളതെന്നും

iii. ക്രമനമ്പർ 2, 2എ, 2ബി, 2സി എന്നിവക്ക് വിദ്യാഭ്യാസ വകുപ്പിന്റെ പ്രോപ്പർ ചാനൽ വഴി സർക്കാരിന്റെ അനുമതി പത്രം വാങ്ങിയിട്ടുണ്ടെന്ന് 30.7.2018-ലെ 107/2018-19 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടി അനുമതി പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും മറ്റുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 03.01.2022 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാന്റെ അപേക്ഷയിലെ 4-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം ടി ഓഫീസിൽ ശേഖരിച്ച് വച്ചിട്ടില്ലാത്തതിനാൽ ടിയാന് നേരിട്ട് മറുപടി നൽകുന്നതിനായി ജനതാ എച്ച്.എസ്.എസ്. പ്രഥമാദ്ധ്യാപകന് കത്ത് നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ള ഇനങ്ങൾക്ക് മറുപടി നൽകിയെന്നുമാണ്. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ 05.2.2022 തീയതി അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 22.2.2022 തീയതി അറിയിച്ചത്, ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിക്കുന്നതിന് മാർച്ച് 15-ാം തീയതി ടി ഓഫീസിൽ വച്ച് കൂടിക്കാഴ്ച നടത്തുന്നതാണെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ 24.3.2022 തീയതി തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ 28.12.2021-ന് ടി കാര്യാലയത്തിലെ പബ്ലിക് ഇൻഫർമേഷൻ ആഫീസർക്ക് സമർപ്പിച്ച അപേക്ഷയ്ക്ക് 3.1.2022 തീയതി

നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 5.2.2022-ന് അപ്പീൽ നൽകിയിരുന്നു. മേൽ അപ്പീൽ വിശദമായി പരിശോധിച്ചതിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി നൽകിയിട്ടുണ്ടെന്നും ചോദ്യം 1-ന് ചട്ടപ്രകാരമുള്ള മറുപടിയാണ് ടി കാര്യാലയത്തിൽ നിന്നും നൽകിയിരിക്കുന്നതെന്നും ചോദ്യം 4-ൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരം ടി കാര്യാലയത്തിൽ ലഭ്യമല്ലാത്തതിനാൽ വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം ടിയാന് ലഭ്യമാക്കുന്നതിനായി പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ അദ്ധ്യാപകന് അപേക്ഷയുടെ പകർപ്പ് അയച്ച് നൽകിയിട്ടുണ്ടെന്നും ചോദ്യം 2 പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ മുൻപ് ടിയാന് നൽകിയിട്ടുള്ളതിനാലാണ് അപ്രകാരം മറുപടി നൽകിയിട്ടുള്ളതെന്നും ഒരിക്കൽ ലഭിച്ച വിവരങ്ങൾക്കായി വീണ്ടും വീണ്ടും അപേക്ഷ സമർപ്പിക്കുന്നതിന്റെ ഉദ്ദേശശുദ്ധി വ്യക്തമല്ലെന്നും ചോദ്യം നമ്പർ 3-ൽ ആവശ്യപ്പെട്ട പകർപ്പിന് വിവരാവകാശ നിയമപ്രകാരം ഫീസ് ഒടുക്കേണ്ടതുണ്ടെന്നും ഫീസ് ഒടുക്കിയിട്ടില്ലാത്തതിനാൽ അപേക്ഷകന് മാത്രം പ്രത്യേക പരിഗണന നൽകി ഒഴിവാക്കുവാൻ സാധിക്കുകയില്ലെന്നും മേൽ കാരണങ്ങളാൽ എസ്.പി.ഐ.ഒ.യുടെ നടപടി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ അപ്പീൽ തീർപ്പാക്കി എന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 20.6.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, തേമ്പാമൂട് ജനത എച്ച്.എസ്.എസ്.ലെ ഹൈസ്കൂൾ അസിസ്റ്റന്റ് കെ.പി. സാജിദ് സർക്കാർ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃതമായി പത്രങ്ങളിലും പ്രസിദ്ധീകരണങ്ങളിലും പ്രാദേശിക ലേഖകനായി പ്രവർത്തിക്കുകയും ലേഖനങ്ങൾ എഴുതി പ്രതിഫലം കൈപ്പറ്റുന്നത് സംബന്ധിച്ച് വിവരങ്ങൾ അറിയുന്നതിന് നൽകിയ അപേക്ഷയാണെന്നും പ്രസ്തുത അപേക്ഷയ്ക്കുള്ള മറുപടി ഈ ഓഫീസിലെ ബി1/6087/2021 പ്രകാരം 3.1.2022-ന് ടിയാൾക്ക് നൽകിയിരുന്നു എന്നും മറുപടിയിന്മേൽ തൃപ്തനാകാതെ 5.2.2022-ൽ അപ്പീൽ നൽകി എന്നും പ്രസ്തുത അപ്പീൽ അപേക്ഷയിൽ, നേരിൽ ഹാജരാകാൻ തയ്യാറാണെന്ന് ടിയാൾ അറിയിച്ചിട്ടുള്ളതിനാൽ 3.3.2022-ൽ അപ്പീലിന്മേൽ ഹിയറിംഗ് തീയതി നിശ്ചയിച്ച് 22.2.2022 തീയതിയിലെ ബി1/649/2021 നമ്പർ കത്തു പ്രകാരം ടിയാൾക്ക് അറിയിപ്പ് നൽകി എന്നും എന്നാൽ പ്രസ്തുത തീയതിയിൽ ഹർജിക്കാരന് അസൗകര്യമുണ്ടെന്നും എസ്.പി.ഐ.ഒ.യെ 3.3.2021-ൽ വരാൻ കഴിയില്ലെന്ന് ഫോൺ മുഖേന അറിയിച്ചു. പിന്നീട് അപ്പീൽ അധികാരി 15.3.2022-ൽ നിശ്ചയിക്കുകയും അന്നേ ദിവസം ടിയാൻ ഹാജരാകുകയും അപ്പീൽ അധികാരിയെ സഹായിക്കുന്നതിനായി ഫയൽ കൈകാര്യം ചെയ്യുന്ന സെക്ഷൻ ക്ലാർക്ക്, എസ്.പി.ഐ.ഒ. എന്നിവരേയും നിയോഗിച്ചിരുന്നു. തേമ്പാമൂട് ജനത എച്ച്.എസ്.എസ്.നെ സംബന്ധിച്ച വിഷയമായതിനാൽ സെക്ഷൻ കൈകാര്യം

ചെയ്യുന്ന ക്ലാർക്കിന്റെ സാന്നിദ്ധ്യം അനിവാര്യമായതിനാലാണ് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിനെ കുടി അപ്പീൽ അധികാരി ഹിയറിംഗിൽ ഉൾപ്പെടുത്തിയതെന്നും അപേക്ഷകൻ ആദ്യം മുതൽ തന്നെ അപേക്ഷയിൽ ചോദിച്ചത് തോമ്പാമുട് സ്കൂളിനെ സംബന്ധിച്ചും ടീച്ചർ-ഇൻ-ചാർജ് സംബന്ധിച്ചും അതുപോലെ ശ്രീ.സാജിദ് ഏത് പത്രമാസികയിലാണ് പ്രവർത്തിക്കുന്നതും തുടങ്ങിയ വിവരങ്ങളാണ് ടിയാൾ ചോദിക്കുന്നതെന്നും ചോദ്യങ്ങൾക്കുള്ള മറുപടി വിവരാവകാശ നിയമപ്രകാരം ടിയാൾക്ക് മുൻപും അതുപോലെ 6(1) പ്രകാരം 27.12.2021 തീയതിയായി നൽകിയ അപേക്ഷയ്ക്കും മറുപടിയായി നൽകിയിട്ടുണ്ടെന്നും ആയതിൽ തൃപ്തനാകാതെയാണ് അപ്പീൽ നൽകുകയും അപ്പീൽ ഹിയറിംഗ് ആവശ്യപ്പെടുകയും ചെയ്തതെന്നുമാണ്. അപേക്ഷകനെ നേരിൽ കേൾക്കുമ്പോൾ എല്ലാ വ്യക്തമായി പരസ്പരം പറഞ്ഞു മനസ്സിലാക്കിയെങ്കിലും പിന്നീട് ഒരു പരാതിക്കും ഇടവരാതെ ഹിയറിംഗ് അവസാനിപ്പിക്കാൻ ശ്രമിച്ചു എന്നും ആയതിലേക്ക് കെ.ഇ.ആർ.ലെ പ്രസക്തഭാഗങ്ങൾ ചൂണ്ടിക്കാട്ടി അദ്ദേഹത്തെ മനസ്സിലാക്കാൻ അപ്പീൽ അധികാരിയുടെ ഭാഗത്തുനിന്നും ശ്രമം തുടരുന്നതിനിടെ ടിയാൾ വല്ലാതെ ദേഷ്യം പിടിച്ചു എഴുന്നേറ്റുപോയി. ടിയാനോട് ഹിയറിംഗ് പൂർത്തിയാക്കുന്നതിന് സഹകരിക്കണമെന്ന് അപേക്ഷിച്ചുവെങ്കിലും ടിയാൾ കൂട്ടാക്കിയില്ല. അപ്പീൽ ഉത്തരവ് 24.2.2022-ൽ ഹർജിക്കാരന് നൽകിയിരുന്നു. ശ്രീ. തേമ്പാമൂട് സഹദേവൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ അപേക്ഷ പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിദ്യാഭ്യാസ ഉപഡയറക്ടർ അന്വേഷണം നടത്തിയതിന്റെ ഭാഗമായി ഹർജിക്കാരനെ നേരിൽ കേൾക്കുകയും ശ്രീ.കെ.പി.സാജിദ് എന്ന അദ്ധ്യാപകൻ ചട്ടവിരുദ്ധമായി പ്രവർത്തിച്ചതിനാൽ ടിയാനെതിരെ നടപടി സ്വീകരിക്കാൻ സ്കൂൾ മാനേജർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി അദ്ധ്യാപകന്റെ ഒരു ഇൻക്രിമെന്റ് സ്ഥിരമായി തടഞ്ഞ് മാനേജർ ഉത്തരവായിട്ടുണ്ടെന്നും ടി നടപടി സ്വീകരിച്ചതിനുശേഷവും ഹർജിക്കാരൻ ടി വിഷയം സംബന്ധിച്ച് നിരന്തരം അപേക്ഷ നൽകുന്നത് തുടർന്നുകൊണ്ടേയിരുന്നുവെങ്കിലും ഹർജിക്കാരന്റെ വിവരാവകാശത്തെ ഹനിക്കുന്ന വിധമുള്ള യാതൊരു പെരുമാറ്റവും എതിർകക്ഷികളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും ഹർജിക്കാരനേയും ഒന്നാം എതികക്ഷിയേയും രണ്ടാം എതിർകക്ഷിയേയും നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് ഒന്നാം എതിർകക്ഷി

ഉത്തരവാദിത്വപരമായി കൈകാര്യം ചെയ്യാതെ തെറ്റായ മറുപടിയാണ് ഹർജിക്കാരന് നൽകിയതെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതിനെ രണ്ടാം എതിർകക്ഷി ശരിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ എതിർകക്ഷികളുടെ ഭാഗത്തു നിന്ന് ബോധപൂർവ്വമല്ലാതെ വീഴ്ച ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ ഉത്തരവാദിത്വത്തോടുകൂടി കൈകാര്യം ചെയ്യണമെന്നും, ഹർജിക്കാരന് നൽകാൻ കഴിയുന്ന രേഖകളുടെ പകർപ്പുകൾ ഒന്നാം എതിർകക്ഷി സൗജന്യമായി നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ മാസം 23-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM